<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2521</u> <u>12-12-2022 - ൽ മറുപടിയ്ക്ക്</u>

<u>ഗ്രാമവികസന വകുപ്പിലെ വി.ഇ.ഒ. തസ്തിക</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമ വികസന വകുപ്പിലെ വി.ഇ.ഒ. തസ്തികകൾ ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ ഏത് രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II മാർ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I ലേയ്ക്കും, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I-മാർ ജനറൽ എക്സ്റ്റൻഷൻ ഓഫീസർ/എക്സ്റ്റൻഷൻ ഓഫീസർ വുമൻ വെൽഫെയർ/എക്സ്റ്റൻഷൻ ഓഫീസർ ഹൗസിംഗ് കാറ്റഗറിയിലേക്ക് പ്രൊമോഷൻ ആകുന്നതു വരെയും അതേ തസ്തികകളിൽ തന്നെ തുടരുന്നതാണ്. 27.10.2022-ലെ G.O (Rt)No.75/2022/LSGD പ്രകാരം പ്രസിദ്ധീകരിച്ച സ്പെഷ്യൽ റൂളിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II തസ്തികയും, ക്ലാർക്ക് തസ്തികയും ഏകീകരിച്ച് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II/ക്ലാർക്ക് എന്ന കാറ്റഗറിയിൽ കൊണ്ടു വന്നിട്ടുണ്ട്. നിലവിലുള്ള എല്ലാ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II മാരും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I ലേയ്ക്ക് സ്ഥാനക്കയറ്റം നേടുന്ന മുറയ്ക്ക് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിലേയ്ക്ക് ക്ലാർക്കുമാരുടെ പി.എസ്.സി ലിസ്റ്റിൽ നിന്നായിരിക്കും നിയമനം നടത്തുക. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II തസ്തികയും ക്ലാർക്ക് തസ്തികയും പരസ്പരം മാറി നിയമിക്കാവുന്ന തസ്തികകളാണ്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ സേവനം നഗരസഭകളിൽ കൂടി ലഭ്യമാക്കുന്നതിന് തസ്തിക എക്സ്റ്റൻഷൻ ഓഫീസർ (പഞ്ചായത്ത്) എക്സ്റ്റൻഷൻ ഓഫീസർ (മുനിസിപ്പാലിറ്റി) എന്ന് പുനർ നാമകരണം ചെയ്തിട്ടുണ്ട്. |
| (ബി) | പുതുതായി സബോർഡിനേറ്റ് റൂളിൽ പ്രതിപാദിച്ച എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-II തസ്തിക എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അനുവദിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; | (ബി) | ഇല്ല. നിലവിലുള്ള രീതി തുടരുന്നതാണ്. |
| (സി) | നിലവിലെ വി.ഇ.ഒ. തസ്തികയിലെ പി.എസ്.സി. | (സി) | നിലവിലെ വി.ഇ.ഒ തസ്തികയിലെ പി.എസ്.സി |

| | | | |
|---|---|---|---|
| | റാങ്ക് ലിസ്റ്റിൽ നിന്നും മേൽ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്ന വിഷയം പരിഗണനയിലുണ്ടോ? | | റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതും റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ഉണ്ടാകുന്ന ഒഴിവുകൾ ക്ലർക്ക് തസ്തികയായി പരിവർത്തനപ്പെടുത്തി ക്ലർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതുമാണ്. |

സെക്ഷൻ ഓഫീസർ